# ഗ്രെയ്സ് ഖത്തർ കാംപയിൻ തുടരുന്നു; 10 വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പുസ്തകങ്ങൾ സ്പോൺസർ ചെയ്തു

by Web Desk 3 days ago 0 Votes



*ഗ്രെയ്സ് ഖത്തർ അക്ഷരക്കൂട്ട് കാംപയിൻ പുസ്തകങ്ങൾ സ്പോൺസർ ചെയ്ത പ്രഫഷണൽ ബിസിനസ്സ് ഗ്രൂപ്പ് മാനേജിംഗ് ഡയരക്ടർ അലി ഹസ്സന് പാറക്കൽ അബ്ദുല്ലക്ക് തുക കൈമാറിയപ്പോൾ. പുസ്തകങ്ങൾ സ്പോൺസർ ചെയ്ത സീഷോർ ഗ്രൂപ്പ് പ്രഫഷണൽ ഡിവിഷൻ മാനേജർ വി. സമീർ, ടെലി ടെക്നോളജീസ് സഹസ്ഥാപകൻ ഫവാസ് മുഹമ്മദ്, ജാഫർ തയ്യിൽ എന്നിവരും ഗ്രെയിസ് ഖത്തർ പ്രതിനിധികളും സമീപം*

**സാമൂഹിക മാധ്യമങ്ങളിൽ അഭിരമിച്ച് ചരിത്രം തെറ്റായി ഗ്രഹിക്കുന്ന ഒരു തലമുറ വളർന്നുവരുന്നുണ്ടെന്ന് പാറക്കൽ**

**ദോഹ:** കാലിക്കറ്റ് സർവ്വകലാശാലയിലെ സി എച്ച്ച് ചെയറിന് കീഴിലുള്ള ഗ്രെയ്സ് ബുക്സിന്റെ അക്ഷരക്കൂട്ട് 2021 കാംപയിൻ ഖത്തറിൽ സജീവമാകുന്നു. കാംപയിന്റെ ഭാഗമായി

10 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വായനശാലകളിലേക്ക് പുസ്തകങ്ങൾ സ്പോൺസർ ചെയ്ത ചടങ്ങ് മുസ്്ലിം ലീഗ് കോഴിക്കോട് ജില്ലാ ട്രഷററും മുൻ എം.എൽ.എയുമായ പാറക്കൽ അബ്ദുല്ല ഉദ്ഘാടനം ചെയ്തു. സാമൂഹിക മാധ്യമങ്ങളിൽ അഭിരമിച്ച് ചരിത്രം പോലും തെറ്റായി ധരിച്ചുവശാവുന്ന ഒരു തലമുറ വളർന്നുവരുന്നുണ്ടെന്നും മികച്ച ഗ്രന്ഥങ്ങളിലൂടെ വായന പ്രചരിപ്പിക്കുന്ന ഇത്തരമൊരു കാംപയിൻ ഏറെ ക്രിയാത്മകവും പ്രോത്സാഹിപ്പിക്കേണ്ടതുമാണെന്നും അദ്ദേഹം പറഞ്ഞു. വിവരമുണ്ടെന്ന് നാം ധരിച്ചുവെക്കുന്നവർ പോലും വായിൽതോന്നുന്നത് വിളിച്ചുപറയാൻ കാരണം യഥാവിധി കാര്യങ്ങൾ പഠിച്ചും വായിച്ചും മനസ്സിലാക്കാത്തതാണെന്നും അദ്ദേഹം വ്യക്തമാക്കി.
നാലു ലൈബ്രറികളിലേക്കുള്ള പുസ്തകങ്ങളുടെ തുക പ്രഫഷണൽ ബിസിനസ്സ് ഗ്രൂപ്പ് മാനേജിംഗ് ഡയരക്ടർ അലി ഹസ്സൻ പാറക്കൽ അബ്ദുല്ലക്ക് കൈമാറി.ഖത്തർ കെ.എം.സി.സി കൽപ്പകഞ്ചേരി പഞ്ചായത്ത് പ്രസിഡന്റും സീഷോർ ഗ്രൂപ്പ് പ്രഫഷണൽ ഡിവിഷൻ മാനേജരുമായ വി. സമീറും സുഹൃത്ത് ടെലി ടെക്നോളജീസ് സഹസ്ഥാപകൻ ഫവാസ് മുഹമ്മദും ചേർന്ന് മറ്റൊരു നാല് സെറ്റിനുള്ള സംഖ്യയും ഖത്തർ കെ.എം.സി.സി നേതാവ് ജാഫർ തയ്യിൽ 2 ലൈബ്രറികളിലേക്കുള്ള തുകയും നൽകി.
മാധ്യമപ്രവർത്തകരായ ഷഫീഖ് ആലിങ്ങൽ, അശ്റഫ് തൂണേരി, എ.ടി ഫൈസൽ സംബന്ധിച്ചു. 7,550 രൂപ വിലയുള്ള പുസ്തകങ്ങൾ കാംപയിൻ കാലയളവിൽ 5,000 രൂപക്ക് ലഭിക്കും. ഖാഇദെമില്ലത്ത്, സർ.സയ്യിദ് അഹ്മദ്ഖാൻ, മൗലാനാ മുഹമ്മദലി, കെ.എം സീതിസാഹിബ്, സയ്യിദ് അബ്ദുർറഹിമാൻ ബാഫഖി തങ്ങൾ, സി എച്ച്് മുഹമ്മദ്കോയ, ആലിമുസ്ല്യാർ, ബി. പോക്കർ സാഹിബ്, ഉപ്പി സാഹിബ്, എൻ.വി അബ്ദുസ്സലാം മൗലവി, തുടങ്ങിയ മഹാരഥന്മാരെക്കുറിച്ചുള്ള പുസ്തകങ്ങളും

1921-ലെ മലബാർ കലാപത്തെക്കുറിച്ചുള്ള പഠനവും, വാഗൺ ട്രാജഡിയെക്കുറിച്ചുള്ള പഠനവും, എം.ഐ തങ്ങൾ, എം.സി വടകര തുടങ്ങിയ പ്രഗത്ഭ എഴുത്തുകാരുടെ ശ്രദ്ധേയ രചനകളും ഉൾപ്പെടുന്ന 36-ഓളം പുസ്തകങ്ങളാണ് വിലക്കുറവിൽ ലഭിക്കുന്നതെന്ന് സംഘാടകർ അറിയിച്ചു. കാംപയിനിൽ പങ്കാളികളാവാൻ വിളിക്കുക:33501506